**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **29-08-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം.വിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയ്ക്ക് ചുറ്റുമുള്ള ജനവാസ മേഖലകൾ ബഫർ സോണിൽ നിന്നും പൂർണമായും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിന് അനുസൃതമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കി.മീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ(ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹു. സുപ്രീം കോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്. ടി നടപടികളുടെ ഭാഗമായി 27-07-2022- ലെ മന്ത്രി സഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-08-2022-ൽ സ.ഉ.(കൈ).നം.44/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനമുണ്ടാകണമെന്ന അഭ്യർത്ഥനയോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിന്റേതെന്നും, ആയതിനാൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശുപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യപ്രകാരമുള്ള ടി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത വിഷയത്തിന്മേലുള്ള സുപ്രീം കോടതി വിധി പുനഃപരിശോധിക്കാൻ വേണ്ട നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് സംസ്ഥാനത്ത് പൊതുവെയും മലയോര മേഖലയിൽ പ്രത്യേകിച്ചും ആശങ്കകൾ സൃഷ്ടിച്ച സാഹചര്യത്തിൽ 08-06-2022-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ബഹു. സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഇതിൻ പ്രകാരം ഒരു റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ടി ഉത്തരവിൽ പരാമർശിക്കുന്ന കാലയളവിനുള്ളിൽ ബഹു.സുപ്രീം കോടതിയിൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ